ബോർഡ് നിലവിൽ വന്നശേഷം 8,93,70,028 (എട്ടു കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി എഴുപതിനായിരത്തി ഇരുപത്തിയെട്ട്) രൂപ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം നൽകുന്നതിന് ധനസഹായമായി നൽകിയിട്ടുണ്ട്. ക്ഷേത്രഭൂമി തിരിച്ചുപിടിക്കുന്നതിന് ലാന്റ് കൺസർവൻസി യൂണിറ്റ് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണത്തിനായി 2008-09 വർഷത്തിൽ 1,75,00,000 രൂപയും 2009-2010-ൽ 2,08,00,000 രൂപയും നൽകി. 2010-11-ൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലന പരിപാടി ഏർപ്പെടുത്തി. പൂജാ പുഷ്പങ്ങൾ കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ വെബ്സൈറ്റ് നിലവിൽ വരുത്തി. ക്ഷേത്ര ജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസർമാരുടെയും ക്ഷേമനിധി ബോർഡ് പ്രവർത്തനം കാര്യക്ഷമമാക്കി. ബോർഡിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് ഡിവിഷൻ അടിസ്ഥാനത്തിൽ അദാലത്തുകൾ നടത്തു.

(ബി) ഇതിനായി പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടില്ല. എന്നാൽ ക്ഷേത്ര ജീർണ്ണോദ്ധാരണ ഫണ്ട് നൽകുമ്പോൾ അതിപുരാതനവും ചരിത്രപ്രസിദ്ധവുമായ ക്ഷേത്രങ്ങളുടെ കാര്യം പ്രത്യേകമായി പരിഗണിക്കുകയും ഇത്തരം ക്ഷേത്രങ്ങൾക്ക് കൂടുതൽ തുക അനുവദിച്ചുവരികയും ചെയ്യുന്നുണ്ട്.

(സി) ഇക്കാര്യത്തിലെ സാദ്ധ്യത മലബാർ ദേവസ്വം ബോർഡ് പരിശോധിക്കുന്നതാണ്.

(ഡി) ക്ഷേത്രാചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിർത്തുന്നതിനും ക്ഷേത്രാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതുമായ കാര്യങ്ങൾ സർക്കാർ ആലോചിച്ചുവരുന്നു. മാത്രമല്ല ഈ മേഖലയിൽ അനുഷ്ഠാന കർമ്മം നിർവ്വഹിച്ചുവരുന്ന കോലധാരികൾ, അന്തിത്തിരിയൻ, വെളിച്ചപ്പാട്, കോമരം, കർമ്മി, അച്ചൻ തുടങ്ങിയവർക്ക് പ്രതിമാസ ധനസഹായം നടപ്പാക്കുന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

ട്രൈബ്യൂണലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി

10 (*190) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രൈബ്യൂണലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പിനെ പ്രത്യേക വിഭാഗങ്ങളായി വിഭജിച്ചതിനുശേഷമുള്ള പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ബി) ഇത്തരത്തിൽ വിഭജിക്കപ്പെട്ട വിവിധ വിഭാഗങ്ങളിൽ ഓരോന്നിലും പ്രത്യേക വൈദഗ്ദ്ധ്യം നേടിയ ഉദ്യോഗസ്ഥരുടെ കുറവ് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വിഭാഗങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):

(എ) കുറ്റാന്വേഷണ വിഭാഗത്തിൽ നിലവിൽ ഉണ്ടായിരുന്ന കേസുകൾ മുന്നായി വിഭജിച്ച് യൂണിറ്റുകളിലേക്ക് നൽകി നിലവിലുണ്ടായിരുന്ന ഓഫീസേഴ്സിനെയും മറ്റ് ഉദ്യോഗസ്ഥരെയും അവരുടെ അന്വേഷണ പ്രാവീണ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മൂന്ന് വിഭാഗത്തിലും ഒരുപോലെ വിഭജിച്ച് നൽകി പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുള്ളതാണ്. കൂടാതെ എസ്.പി., ഐ.ജി.പി., എ.ഡി.ജി.പി. എന്നീ ഉദ്യോഗസ്ഥന്മാർ എല്ലാ കേസുകളുടെയും അന്വേഷണ ഉദ്യോഗസ്ഥരുടെ ക്രൈം കോൺഫറൻസുകൾ മാസംതോറും നടത്തി ഓരോ കേസുകളുടെയും അന്വേഷണ പുരോഗതിയും, പ്രത്യേക വിഭാഗങ്ങളായി വിഭജിച്ചതിന് ശേഷമുള്ള പുരോഗതിയും വിലയിരുത്തുന്നുണ്ട്. മാത്രമല്ല ഇതിലേക്ക് പുതുതായി രൂപീകരിച്ച സബ് യൂണിറ്റ് തലത്തിൽ (ഡിവൈ.എസ്.പി. തലത്തിൽ) നിത്യേന എന്ന വണ്ണം കേസിന്റെ അന്വേഷണ പുരോഗതി വിലയിരുത്തിയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയും സ്പെഷ്യലൈസ്ഡ് സെൻട്രൽ യൂണിറ്റ് (എസ്.പി.) തലത്തിൽ എല്ലാ മാസവും കേസ് ഫയലുകൾ പരിശോധിച്ച് കേസിന്റെ അന്വേഷണ പുരോഗതി വിലയിരുത്തുകയും, റിവ്യൂ നടത്തിയും കൂടുതൽ നിർദ്ദേശങ്ങൾ അന്വേഷണ ഉദ്യോഗസ്ഥൻമാർക്ക് കൊടുത്തും സെൻട്രൽ സൂപ്പർവൈസറി ഓഫീസർ (ഡി.ഐ.ജി./ഐ.ജി.) തലത്തിൽ അടിക്കടി സ്പെഷ്യലൈസ്ഡ് വിംഗ്സ്(യൂണിറ്റ്) സന്ദർശിച്ചും കേസന്വേഷണ പുരോഗതി വിലയിരുത്തിവരുന്നു.

(ബി) ശാസ്ത്രീയ കുറ്റാന്വേഷണം നടത്തുന്നതിലേക്ക് വൈദഗ്ദ്ധ്യം ലഭിക്കുന്നതിന് വേണ്ടിയുള്ള ട്രെയിനിംഗ് പ്രോഗ്രാമുകൾ തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിലും, തൃശ്ശൂർ കേരളാ പോലീസ് അക്കാദമിയിലും നടത്തിവരുന്നു.

(സി) കേസന്വേഷണത്തിൽ പ്രാവീണ്യം തെളിയിച്ച ഉദ്യോഗസ്ഥരെ കുറ്റാന്വേഷണ വിഭാഗത്തിൽ നിയമിക്കുക, കേസിന്റെ വർദ്ധനവ് കണക്കിലെടുത്ത് ലഭ്യതക്കനുസരിച്ച് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുക, പ്രത്യേക പ്രോത്സാഹനം എന്ന നിലയ്ക്ക് ഇൻസെന്റീവ് നൽകുക, കുറ്റാന്വേഷണ വിഭാഗത്തിൽ നിയമിച്ചുവരുന്ന ഉദ്യോഗസ്ഥരെ ഒരു നിശ്ചിത കാലാവധി (2 വർഷം)വരെ നിലനിർത്തുക, കുറ്റാന്വേഷണ വിഭാഗത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ വർദ്ധനവ്, ഒരു തസ്തികയിൽ നിന്നും മറ്റൊരു തസ്തികയിലേക്ക് കയറ്റം കിട്ടുന്നതിന് ക്രൈംബ്രാഞ്ച്, സ്പെഷ്യൽ ബ്രാഞ്ച് എന്നിങ്ങനെയുള്ള യൂണിറ്റുകളിൽ 2 വർഷമെങ്കിലും ജോലി ചെയ്തിരിക്കണം എന്ന നിബന്ധന(കരിയർ പ്ലാനിംഗ്) തുടങ്ങിയവ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly